**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 480** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സി-ഡിറ്റ് വികസിപ്പിച്ച മലയാളം യൂണിക്കോഡ് ഫോണ്ടുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. ആർ. ബൈജു

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ 10 വർഷത്തിനിടെ സി-ഡിറ്റ് വികസിപ്പിച്ച മലയാളം ഫോണ്ടുകൾ എത്രയാണ്; ഓരോ ഫോണ്ടിന്റെയും പേര്, വികസിപ്പിച്ച വർഷം എന്നിവ ഉൾപ്പെടുന്ന വർഷം തിരിച്ചുള്ള പട്ടിക നൽകാമോ; ഈ ഫോണ്ടുകൾക്കായി ആകെ ചെലവഴിച്ച തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് നൽകാമോ;

**<u>മറുപടി:</u>** പത്തു വർഷത്തിനിടെ സി-ഡിറ്റ് 22 മലയാളം ഫോണ്ടുകൾ വികസിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു.

**(ബി)** സി-ഡിറ്റ് മറ്റ് ഏജൻസികൾ/വ്യക്തികൾ മുഖേന മലയാളം ഫോണ്ടുകൾ വികസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏജൻസിയുടെയോ വ്യക്തിയുടെയോ പേര്, അവർ വികസിപ്പിച്ച ഫോണ്ടിന്റെ പേര്, അവർക്കു നൽകിയ പ്രതിഫലം എന്നിവയുടെ വിശദാംശം നൽകാമോ; ഈ ഏജൻസികളെയോ വ്യക്തികളെയോ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡവും നടപടിക്രമവും എന്തായിരുന്നു; ഇതിനായി ടെൻഡർ വിളിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 2-ആയി ചേർക്കുന്നു.

**(സി)** കഴിഞ്ഞ 10 വർഷത്തിനിടെ സി-ഡിറ്റ് വികസിപ്പിച്ച മലയാളം ഫോണ്ടുകളുടെ യൂണിക്കോഡ് മാനദണ്ഡം, ഗുണനിലവാരം, മൗലികത എന്നിവ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ലഭിച്ചിട്ടുണ്ടെങ്കിൽ, പരാതികളുടെ വിശദാംശങ്ങളും സ്വീകരിച്ച നടപടികളും എന്താണെന്ന് വ്യക്തമാക്കാമോ; ഈ ഫോണ്ടുകൾക്ക് സ്വതന്ത്രമായ സാങ്കേതിക പരിശോധന (തേഡ്-പാർട്ടി ഓഡിറ്റ്) നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏത് ഏജൻസിയോ വ്യക്തിയോ ആണ് പരിശോധന നടത്തിയത് എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പരാതികൾ ലഭിച്ചിട്ടില്ല. സിഡിറ്റ് രൂപകൽപന ചെയ്തിട്ടുള്ള ഫോണ്ടുകൾ ICFOSS എന്ന സ്ഥാപനത്തെക്കൊണ്ട് സാങ്കേതിക പരിശോധന നടത്തിയിട്ടുണ്ട്.

**(ഡി)** കഴിഞ്ഞ 10 വർഷത്തിനിടെ സി-ഡിറ്റ് വികസിപ്പിച്ചതായി പറയുന്ന മലയാളം ഫോണ്ടുകൾ, മുമ്പ് വികസിപ്പിച്ച നിള സീരീസിൽപ്പെട്ട ഫോണ്ടുകളുടെ പേര് മാറ്റി തയ്യാറാക്കിയവയാണെന്ന കാര്യം

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരിശോധന നടത്തുമോ; ഇത്തരത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**

**Annexure-1**

| **ഫോണ്ട്** | **വർഷം** | **തുക** |
|---|---|---|
| അരളി | 2026 | സിഡിറ്റ് തനതായി വികസിപ്പിച്ചത്. |
| ചെമ്പകം | 2024 | Rs. 96,000/- |
| കടമ്പ് | 2024 | Rs. 96,000/- |
| മാതളം | 2024 | Rs. 96,000/- |
| പാരിജാതം | 2024 | Rs. 96,000/- |
| പിച്ചകം | 2024 | Rs. 96,000/- |
| തുമ്പ | 2023 | Rs. 70,000/- |
| മന്ദാരം | 2023 | Rs. 70,000/- |
| നിള: പുതിയ ലിപി- 7<br>പഴയ ലിപി - 7<br>(പുതിയ യൂണിക്കോഡ് പതിപ്പിലേക്കു പരിവർത്തനം ചെയ്തത്) | 2016 | Rs. 4,20,000/- |

Annexure-2

| ഏജൻസി | ഫോണ്ട് | പ്രതിഫലം | തിരഞ്ഞെടുത്ത മാനദണ്ഡം |
|---|---|---|---|
| Appropriate Technology Promotion Society, Kochi | ചെമ്പകം<br>കടമ്പ്<br>മാതളം<br><br>പാരിജാതം<br>പിച്ചകം | Rs. 4,70,400/- | പബ്ലിക് ടെൻഡർ നം. C-DIT/WSD/03/2022-23/T399. |
| Appropriate Technology Promotion Society, Kochi | തുമ്പ<br>മന്ദാരം | Rs. 1,40,000/- | ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 26.04.2022 നു നടന്ന യോഗ നിർദേശങ്ങൾക്കനുസരിച്ചു (നടപടിക്കുറിപ്പു നമ്പർ ഒ എൽ 4/1/2021/പി & എ ആർ ഡി തീയതി 09.05.2022) സിഡിറ്റ് അംഗീകാരം നൽകിയതു |
| Appropriate Technology Promotion Society, Kochi | നിലവിലുള്ള നിള (Nila) ഫോണ്ടുകളുടെ 7 വകഭേദങ്ങളും ഏറ്റവും പുതിയ യൂണിക്കോഡ് പതിപ്പിലേക്ക് പരിവർത്തനം ചെയ്യുന്നതിനോടൊപ്പം, മലയാളം പഴയ ലിപിയിലെ (7 എണ്ണം) കൂട്ടക്ഷരങ്ങളുടെ പുതിയ ഗ്ലിഫ് സെറ്റുകൾ കൂടി ഉൾപ്പെടുത്തുക. | Rs. 4,64,100/- | പബ്ലിക് ടെൻഡർ നം. C-DIT/3/R&D/15/T425. |

| വ്യക്തി | പ്രവർത്തനം | കാലയളവ് | പ്രതിഫലം |
|---|---|---|---|
| Mr. Anil Kumar KV<br>Retd. Chief General Manager, KELTRON | സിഡിറ്റ് സ്റ്റാഫിന് ഫോണ്ട് രൂപകല്പനക്കായി ടയിനിങ് നൽകാൻ വേണ്ടി ഒരു മാസം കൺസൾട്ടൻ്റ് ആയി പ്രവർത്തിച്ചു. | ഒരുമാസം<br><br>23.02.2026 മുതൽ 23.03.2026 വരെ | Rs. 50,000/- |